**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.946.** **04.03.2020 ൽ മറുപടിയ്ക്ക്**

**ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ. | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരി വിരുദ്ധ ബോധവത്ക്കരണത്തിനും മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾക്കുമായി ഓരോ വർഷവും ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ; | (എ) | <table><tr><th>വർഷം</th><th>അനുവദിച്ച തുക</th><th>ചെലവഴിച്ച തുക</th></tr><tr><td>2016-17</td><td>8,13,95,000</td><td>6,76,83,056</td></tr><tr><td>2017-18</td><td>7,00,00,000</td><td>29601644</td></tr><tr><td>2018-19</td><td>293763000</td><td>12,76,18,766</td></tr><tr><td>2019-20</td><td>15,05,00,000</td><td>12,30,61,416</td></tr></table> |
| (ബി) | 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പ്രസ്തുത തുക ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | 2019-20 സാമ്പത്തിക വർഷം അനുവദിച്ച 15,05,00,000/- രൂപയിൽ 12,30,61,416/- രൂപ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച് നൽകിയിട്ടുള്ളതാണ്. കിനാലൂരിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സംസ്ഥാന തല ഡി-അഡിക്ഷൻ സെന്ററിന്റെ പ്രാഥമിക ചെലവുകൾക്ക് നീക്കിവെച്ചിരുന്ന 50,00,000 രൂപയും സംസ്ഥാനത്തെ ഡീ-അഡിക്ഷൻ സെന്ററുകളുടെ ശാക്തീകരണത്തിനായി അനുവദിച്ച 4.5 കോടിയിൽ 2,24,38,584 രൂപയും ചില സാങ്കേതിക വിഷയങ്ങളാൽ ചെലവഴിക്കാൻ കഴിഞ്ഞില്ല. ഈ സാമ്പത്തിക വർഷം തന്നെ തുക മുഴുവൻ ചെലവഴിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇത്തരത്തിലുള്ള ബോധവത്ക്കരണം മദ്യവിൽപനയുടെ വളർച്ചയെ | (സി) | നിലവിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ മദ്യവിൽപ്പനയുടെ വളർച്ചയെ പ്രതികൂലമായി |

| | | | |
|---|---|---|---|
| | ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | | ബാധിക്കുമെന്ന് കരുതുന്നു. നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ യുവാക്കളിലും പൊതുജന വിദ്യാർത്ഥി സമൂഹത്തിലും ലഹരി ഉപയോഗത്തിൽ ഘട്ടംഘട്ടമായി മാറ്റം വരുത്തുന്നതാണ്. ഇതിന്റെ പ്രയോജനം വരും കാലങ്ങളിൽ പ്രകടമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ